പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1587 11.02.2013- ലെ മറുപടി

## സാന്ത്വനം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പാലോട് രവി<br>ശ്രീ. കെ. ശിവദാസൻ നായർ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സാന്ത്വനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;<br><br>(ബി) പ്രവാസി മലയാളികൾക്ക് എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നത് ; വിശദമാക്കുമോ;<br><br>(സി) എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് ഈ പദ്ധതി വഴി ലഭിക്കുന്നത് ; | (എ,ബി & സി) ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000/- രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ, മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ /ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പരമാവധി 20,000/- രൂപ വരെ സഹായം നൽകി വരുന്നുണ്ട്. |
| (ഡി) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതിപ്രകാരമുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) വർദ്ധിപ്പിച്ചിട്ടുണ്ട്. 31/03/2012 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നമ്പർ 04/2012/നോർക്ക പ്രകാരം സാന്ത്വന പദ്ധതി പ്രകാരം അനുവദിക്കുന്ന പരമാവധി സഹായം 10,000 രൂപയിൽ നിന്നും 20,000/- രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ